8. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക;

9. സുവനീർ, കരകൗശലം, ഷോപ്പിംഗ് തുടങ്ങിയ മേഖലകൾ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക;

10. വിനോദസഞ്ചാരപ്രവർത്തനങ്ങളും ഈ വ്യവസായവും നിലനിൽക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുക;

11. കേരള ടൂറിസത്തിന് ദേശീയ-അന്തർദ്ദേശീയ വിപണികളിൽ പുതിയ മേഖലകൾ കണ്ടെത്തി വികസിപ്പിക്കുക;

12. സംസ്ഥാനത്തിന്റെ തനതായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുക;

13. ടൂറിസ്റ്റുകളുടെ സുരക്ഷിതത്വവും, ടൂറിസ്റ്റുകേന്ദ്രങ്ങളിലെ ശുചിത്വവും ഉറപ്പാക്കുക;

14. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൂടുതൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ വികസിപ്പിക്കുകയും ചെയ്യുക;

(ബി) ഉണ്ട്.

(സി) & (ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ടൂറിസം ഡെസ്റ്റിനേഷൻ സെന്ററായി പ്രഖ്യാപിച്ച സ്ഥലങ്ങൾ

6 [3460] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്ഥലങ്ങൾ ടൂറിസം ഡെസ്റ്റിനേഷൻ സെന്ററായി പ്രഖ്യാപിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ടൂറിസം സെന്ററായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള മുഴുവൻ സ്ഥലങ്ങളുടേയും പേര് വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 11 സ്ഥലങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

1. പൂവാർ -തിരുവനന്തപുരം
2. മരട് - എറണാകുളം
3. കുട്ടനാട് - ആലപ്പുഴ
4. ചെറായി ബീച്ച് - എറണാകുളം
5. ചാലക്കുടി - അതിരപ്പിള്ളി (സെക്ടർ)- തൃശ്ശൂർ
6. പെരുവണ്ണാമൂഴി - കോഴിക്കോട്
7. കക്കയം - കോഴിക്കോട്
8. തുഷാരഗിരി - കോഴിക്കോട്
9. മീൻകുന്ന്/പയ്യമ്പലം - കണ്ണൂർ
10. കൊടികുത്തിമല - മലപ്പുറം
11. ഇരിങ്ങൽ - കോട്ടക്കൽ - കോഴിക്കോട്

(സി) തിരുവനന്തപുരം സിറ്റി, കോവളം, പൊൻമുടി, വർക്കല, കൊല്ലം, കുമരകം, തേക്കടി, മൂന്നാർ, ആലപ്പുഴ, കൊച്ചി സിറ്റി, കാലടി, ഗുരുവായൂർ, കോഴിക്കോട് സിറ്റി, കാപ്പാട്, ബേക്കൽ, പറമ്പിക്കുളം, നെല്ലിയാമ്പതി, മലമ്പുഴ, വയനാട്, കടലുണ്ടി നഗരം, നിലമ്പൂർ, തെൻമല-പാലരുവി, മുഴുപ്പിലങ്ങാടി-കണ്ണൂർ, ആലുവ, വാഗമൺ, അതിരപ്പള്ളി, എരുമേലി, പരവൂർ, പൂവാർ, മരട്, കുട്ടനാട്, ചെറായി ബീച്ച്, ചാലക്കുടി-അതിരപ്പള്ളി സെക്ടർ, പെരുവണ്ണാമൂഴി, കക്കയം, തുഷാരഗിരി, മീൻകുന്ന്/പയ്യാമ്പലം, കൊടികുത്തിമല, ഇരിങ്ങൽ-കോട്ടക്കൽ.

കാപ്പാടും പൂക്കോട് തടാകവും തമ്മിൽ റോഡുമാർഗ്ഗം ബന്ധിപ്പിക്കാൻ നടപടി

7 [3461] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാപ്പാടും, വയനാട്ടിലെ പൂക്കോട് തടാകവും ബന്ധിപ്പിക്കുന്ന ഒരു പുതിയ റോഡ് നിർമ്മിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തുതുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly